**D 51228** (Pages : 2) Name.................................

Reg. No.................................

## THIRD SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2018

(CUCBCSS–UG)

MAL 3A 03—മലയാള സാഹിത്യം–III

(MALAYALA SAHITHYAM–III)

[2017 Admissions]

Time : Three Hours Maximum : 80 Marks

I. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക :

1 കല്ലേൻ പൊക്കുടൻ ഇഷ്ടപ്പെടുന്ന രാഷ്ട്രീയ നേതാവ് ആര് ?

2 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് ' എന്ന നാടകം രചിച്ചതാര് ?

3 "എങ്കിലും ഈ ഏർപ്പാട് സുചിന്തിതമാണെന്ന് തോന്നുന്നില്ല"—എന്തിനെക്കുറിച്ചാണ് സഖറിയയുടെ സൂചന ?

4 നാടകത്തിന് പ്രാഥമികമായി ഉണ്ടാവേണ്ട സ്വഭാവം എന്ത് ?

5 സമത്വവാദി എന്ന നാടകം രചിച്ചതാര് ?

6 'ഇൻഫോർമർ' തിരക്കഥ ആരുടേത് ?

7 'അൽ രാജാജിൽ' എന്ന അറബിപദത്തിൻെറ അർത്ഥമെന്ത് ?

8 ഭാവിയിൽ ഏതു പേരിൽ അറിയപ്പെടാനാണ് പൊക്കുടൻ ആഗ്രഹിച്ചത് ?

9 "ഫയൽവാനേം ഭീമസേനനേം ഒന്നും എനിക്ക് പേടിയില്ല"—പറഞ്ഞതാര് ?

10 "ഹീ വാസ് ഡെയിഞ്ചറസ്സി ഹോണസ്റ്റ് "—ആര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 കല്ലേൻ പൊക്കുടൻ പാരിസ്ഥിതിക പ്രവർത്തനങ്ങൾ പൊതുശ്രദ്ധയിലിടം നേടിയതെങ്ങനെ ?

12 മാരിറ്റ് കൊട്ടാരത്തിൻെറ പ്രത്യേകതയെന്ത് ?

13 സിനിമയിൽ തിരക്കഥാകൃത്തിൻെറ സ്ഥാനം സംബന്ധിച്ച് എം.ടി.യുടെ അഭിപ്രായം എന്ത് ?

14 മലയാള നാടകവേദിയുടെ വികാസത്തിൽ പ്രഹസനങ്ങൾ വഹിച്ച പങ്കെന്ത് ?

15 "പൊങ്ങച്ചംകൊണ്ട് പുളച്ച എൻെറ മനസ്സമാധാനം തകർന്നുടഞ്ഞു"—ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

(5 × 2 = 10 marks)

**Turn over**

III. നൂറ്റമ്പത് വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

16 "ക്രൂശിക്ക – അതാണ് ജനാധിപത്യത്തിൻെറ സനാതനമന്ത്രം. നീയും ആ ഹിംസ്ര ജന്തുക്കളുടെ കൂട്ടത്തിൽ പെട്ടവനാണ് "—ഗുരു ഇങ്ങനെ പറയാനിടയായ സാഹചര്യമെന്ത് ?

17 "കൃതജ്ഞതകൊണ്ട് എൻെറ കണ്ണു നിറഞ്ഞുപോവുന്നു"—ഏത് സംഭവത്തെക്കുറിച്ചാണ് വി.ടി. സൂചിപ്പിക്കുന്നത് ?

18 പ്രചാരണ നാടകങ്ങൾ നിർവ്വഹിച്ച സാമൂഹ്യധർമ്മമെന്ത് ?

19 മസ്റയിലെ തൊഴിലാളികളുടെ ജീവിതത്തെപ്പറ്റി 'മരുഭൂമിയുടെ ആത്മകഥ'യിൽനിന്ന് ലഭിക്കുന്ന വിവരങ്ങൾ എന്തെല്ലാം ?

20 സാഹിത്യകാരനെ അപേക്ഷിച്ച് ആശയാവിഷ്ക്കരണത്തിൽ തിരക്കഥാകൃത്ത് നേരിടുന്ന സങ്കീർണ്ണത എന്ത് ?

21 നാടക സഹൃദയസമിതികളുടെ പ്രവർത്തനം എങ്ങനെയായിരിക്കണം എന്നാണ് ജി. ശങ്കരപ്പിള്ള അഭിപ്രായപ്പെടുന്നത് ?

22 "അത് എല്ലാ ഫയൽവാൻെറയും വിധിയാണ് "—സന്ദർഭം വിവരിക്കുക.

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

23 സാമുദായിക പരിഷ്ക്കർത്താവ് എന്ന നിലയിലേക്ക് വി.ടി. വളർന്നുവരാനിടയായ സാഹചര്യങ്ങളെ പ്പറ്റി വിവരിക്കുക.

24 "നാടക വിരുദ്ധമായ നാടകമാണ് '1128-ൽ ക്രൈം 27'—വിലയിരുത്തുക.

25 സൗദി അറേബ്യയുടെ ചരിത്രപ്രാധാന്യത്തെക്കുറിച്ച് മരുഭൂമിയുടെ ആത്മകഥ എന്ന കൃതിയെ അടിസ്ഥാനമാക്കി വിവരിക്കുക.

26 മലയാള സിനിമയിൽ ഭാവുകത്വ വ്യതിയാനം പ്രകടമാവുന്ന ഘട്ടത്തെ പ്രതിനിധീകരിക്കുന്ന തിരക്കഥകളാണ് പത്മരാജൻേറത് —'ഒരിടത്തൊരു ഫയൽവാൻ' എന്ന തിരക്കഥയെ അടിസ്ഥാന മാക്കി സമർത്ഥിക്കുക.

27 നാടകത്തിൻെറ മർമ്മ ഘടകം എന്ന നിലയിൽ ഉത്തമ സഹൃദയത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് ജി. ശങ്കരപ്പിള്ളയുടെ അഭിപ്രായം വിശദമാക്കുക.

28 'മലയാള നാടക ചരിത്രത്തിനൊരാമുഖം' എന്ന ലേഖനത്തിൽ എൽ. തോമസ്കുട്ടി നടത്തുന്ന നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

(4 × 10 = 40 marks)